**വിവരാവകാശനിയമം-2005 / രജിസ്റ്റേർഡ്**

കേരള സർക്കാർ

നം.2208332/എ 2/2018/സാ.നീ.വ. 2431 സാമൂഹ്യനീതി (എ) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 08.02.2018

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ &**
**ഡെപ്യൂട്ടി സെക്രട്ടറി.**

സ്വീകർത്താവ്

ശ്രീ. വികാസ്. എസ്
ചിത്രകാർത്തിക,
കിഴക്കേനട
വൈക്കം
കോട്ടയം

15 FEB 2018

സർ,

വിഷയം: സാമൂഹ്യ നീതി വകുപ്പ് - വിവരാവകാശ നിയമം-2005 – വിവരം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന: ഈ വകുപ്പിൽ 06.02.2018 ൽ ലഭിച്ച താങ്കളുടെ 27.01.2018 ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വിവരാവകാശ നിയമ പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷയിലെ വിവരങ്ങൾ ഈ പൊതു അധികാരിയുടെ പക്കൽ ലഭ്യമല്ല .ആയവ ലഭ്യമാണെങ്കിൽ താങ്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിലേയ്ക്കായി വിവരാവകാശ നിയമം-2005 ലെ ചട്ടം 6(3) പ്രകാരം താങ്കളുടെ അപേക്ഷ (അസ്സൽ) സാമൂഹ്യ നീതി ഡയറക്ടറേറ്റിലെ പബ്ലിക് ഇൻഫർമേഷൻ ആഫീസർക്ക് നൽകിയിട്ടുള്ള വിവരം അറിയിക്കുന്നു.

മേൽ മറുപടി തൃപ്തികരമല്ലെങ്കിൽ ഈ കത്ത് ലഭിച്ച് 30 ദിവസത്തിനകം താങ്കൾക്ക് ഈ വകുപ്പിലെ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിയ്ക്കാവുന്നതാണ്.

അപ്പീൽ അധികാരിയുടെ വിലാസം ചുവടെ ചേർക്കുന്നു.

ശ്രീമതി. ലീലാമണി. കെ.എം.
അപ്പീൽ അധികാരി & അഡീഷണൽ സെക്രട്ടറി,
സാമൂഹ്യനീതി വകുപ്പ്,
നോർത്ത് ബ്ലോക്ക്, സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം. (ഫോൺ നമ്പർ 0471-2518373).

വിശ്വസ്തതയോടെ,

**ബിന്ദു.കെ.കെ**
**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ &**
**ഡെപ്യൂട്ടി സെക്രട്ടറി.**
ഫോൺ നമ്പർ: 0471-2518098

**പകർപ്പ്:** പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം.
( വിവരങ്ങൾ ലഭ്യമെങ്കിൽ സമയപരിധിയ്ക്കുള്ളിൽ അപേക്ഷകന് നേരിൽ ലഭ്യമാക്കുന്നതിനായി അപേക്ഷ (അസ്സൽ) ഇതോടൊപ്പം അയയ്ക്കുന്നു

~~03.01.2017~~
27.01.2018

10 Rs. COURT FEE INDIA TEN RUPEES

From
വികാസ് എസ്.
ചിത്രകാർത്തിക
കിഴക്കേനട
വൈക്കം
കോട്ടയം ജില്ല

2208332

To
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (വിവരാവകാശം)
സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ്
സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

06 FEB 2018

സർ,

വിഷയം: വിവരാവകാശ നിയമം 2005 - എൽ.ഡി.ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യൽ - വിവരങ്ങൾ അറിയുന്നത് സംബന്ധിച്ച്.

------

അങ്ങയുടെ വകുപ്പിൻകീഴിൽ കോട്ടയം ജില്ലയിൽ നികത്താതെ കിടക്കുന്ന മിനിസ്റ്റീരിയൽ വിഭാഗത്തിലെ എൽ.ഡി. ക്ലാർക്ക് ഒഴിവുകൾ സംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങൾ 2005ലെ വിവരാവകാശ നിയമപ്രകാരം വ്യക്തത വരുത്തി മറുപടി നൽകണമെന്ന് അപേക്ഷിക്കുന്നു.

1. താങ്കളുടെ വകുപ്പിൻകീഴിൽ ജില്ലാ ഓഫീസുകളിലോ അതിനു കീഴിലുള്ള ടി വകുപ്പിന്റെ ഓഫീസുകളിലോ മിനിസ്റ്റീരിയൽ വിഭാഗത്തിൽ 2015 ജൂലൈ മാസം മുതൽ 2017 ഡിസംബർ 31 വരെ എത്രപേർ റിട്ടയർ ചെയ്തു?
2. അവർക്ക് പകരം എത്രപേർക്ക് ഉദ്യോഗക്കയറ്റം നൽകി?
3. ആ തുടർ ഉദ്യോഗക്കയറ്റങ്ങൾ വഴി എത്ര എൽ.ഡി.ക്ലാർക്ക് തസ്തികകളിൽ ഒഴിവുകൾ ഉണ്ടായി?
4. അതിൽ നാളിതുവരെ എത്ര ഒഴിവുകൾ നികർത്തണമെന്നാവശ്യപ്പെട്ട് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തു?
5. ഇനി എൽ.ഡി. ക്ലാർക്ക് തസ്തികയിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാതെയുള്ളത് ഇന്നേ തീയതി വരെ എത്ര ഒഴിവുകളാണ്?

ഈ വിവരങ്ങൾ അടിയന്തിരമായി അറിയിക്കണമെന്ന് അപേക്ഷിക്കുന്നു.

അങ്ങയുടെ വിശ്വസ്തൻ

വികാസ് എസ്.